**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6656** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഫോർട്ട് കൊച്ചി - വൈപ്പിൻ ഭൂഗർഭ പാത/എലിവേറ്റഡ് ഹൈവേ നിർമ്മണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയെയും വൈപ്പിനേയും നേരിട്ട് ബന്ധിപ്പിക്കുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് ഭൂഗർഭ ടണൽ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന്റെ സാധ്യത പഠനത്തിന് വേണ്ടി വരുന്ന തുകയും പ്രസ്തുത നിർമ്മാണത്തിലൂടെ വരുന്ന അധിക ബാധ്യതയും എത്രയാണെന്ന് കണക്ക് കൂടി അറിയിക്കുവാൻ ഡി.പി.ആർ. കൺസൾട്ടന്റിന് നൽകിയ നിർദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | ഫോർട്ട് കൊച്ചിയെയും വൈപ്പിനേയും തമ്മിൽ വേർതിരിക്കുന്ന ഭാഗം നിലവിൽ അന്താരാഷ്ട്ര കപ്പൽ പാത ആയതിനാൽ, ആ ഭാഗത്ത് ജലമാർഗമുള്ള ഗതാഗതം മാത്രമാണ് സാധ്യമാകുന്നത്. പ്രസ്തുത ഭാഗത്ത് ഇരു കരകളെയും ബന്ധിപ്പിക്കുന്ന രീതിയിൽ ഭൂഗർഭ ടണൽ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന്റെ സാധ്യത പരിഗണിക്കുവാൻ ഡി.പി.ആർ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ സാധ്യത കൃത്യമായി അവലോകനം ചെയ്യുവാൻ വിശദമായ ഇൻവെസ്റ്റിഗേഷൻ ആവശ്യമാണ്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, ഭൂഗർഭ ടണൽ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേയുടെ ഡിസൈൻ തയ്യാറായാൽ മാത്രമേ പ്രസ്തുത നിർമ്മാണത്തിന് വേണ്ടിവരുന്ന അധിക ബാധ്യത കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ